"ഭരണഭാഷ- മാതൃഭാഷ"

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ) വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : സുഭാഷ് ടി വി ഐ.എ.എസ്)

---

പ്രൊസീഡിംഗ്സ് നമ്പർ. എ2/25/2024/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം (05-09-2024)

---

വിഷയം:- ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് - വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ക്യാബിൻ അറ്റകുറ്റപണി നടത്തി എ.സി. സ്ഥാപിക്കുന്ന പ്രവൃത്തിക്ക് - ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: -

1. വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 16/03/2024 ലെ കുറിപ്പ്
2. 08/07/2024 ലെ പൊതുമരാമത്ത് വകുപ്പ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ EEKLC-DVOTVM/106/23-DB1-PWD നം. എസ്റ്റിമേറ്റ്
3. 07/08/2017 ലെ GO (P) No. 102/ 2017/ FIN നം. ഉത്തരവ്

**ഉത്തരവ്**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ക്യാബിൻ വളരെ ഇടുങ്ങിയതും ചൂട് കാരണം ഇരുന്ന് ജോലി ചെയ്യുന്നതിന് പ്രയാസവും സീലിംഗ് പൊട്ടി അടർന്നുവീണുകൊണ്ടിരിക്കുന്ന അവസ്ഥയിലുമായ സാഹചര്യത്തിൽ ക്യാബിൻ അറ്റകുറ്റപ്പണി നടത്തി എ. സി. സ്ഥാപിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സൂചന (1) പ്രകാരം വകുപ്പ് ജോയിന്റ് സെക്രട്ടറി കുറിപ്പ് ലഭ്യമാക്കിയിരുന്നു.

വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ക്യാബിൻ അറ്റകുറ്റപണി നടത്തി എ.സി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾക്ക് സൂചന (2) പ്രകാരം പൊതുമരാമത്ത് വകുപ്പ് സിവിൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 2,46,600/- (രണ്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി അറുന്നൂറ് രൂപാ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് സൂചന (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ക്യാബിൻ അറ്റകുറ്റപണി നടത്തി എ.സി. സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള 2,46,600/- രൂപ (രണ്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി അറുന്നൂറ് രൂപാ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ 4220-60-101-63-ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ ആധുനികവൽക്കരണവും മീഡിയാ സെന്ററും എന്ന പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻ/മീഡിയ റിലേഷൻസ്)

ഇൻഫർമേഷൻ ഓഫീസർ (റിസർച്ച് & റഫറൻസ്/ പ്ലാനിംഗ്/വെബ്&ന്യൂ മീഡിയ)

ഡയറക്ടറുടെ സി.എ. യ്ക്ക്

ജോയിന്റ് സെക്രട്ടറിയ്ക്ക്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu Chandran R
Date: 05-09-2024 17:05:35

സെക്ഷൻ ഓഫീസർ.